"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശുവികസന വകുപ്പ് - കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- സബ് ഇൻസ്പെക്ടർ ശ്രീമതി. മഞ്ജു. വി. നായർ (PEN-799119) -ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാ ശിശുവികസന (ബി) വകുപ്പ്

സ.ഉ.(സാധാ) നം.296/2026/WCDD തീയതി,തിരുവനന്തപുരം, 20-08-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 351/2025/WCDD, തീയതി 25-07-2025.
2. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/7880/2025/കേവക, തീയതി 18/07/2026.

**ഉത്തരവ്**

തിരുവനന്തപുരം സിറ്റി, വഞ്ചിയൂർ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയിൽ ജോലി ചെയ്തു വരവെ ശ്രീമതി. മഞ്ജു. വി. നായരെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ സബ് ഇൻസ്പെക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും ടിയാൾ 12/09/2025 -ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. തന്റെ അന്യത്രസേവന കാലാവധി അവസാനിക്കുന്നതിനാൽ ആയത് ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. മഞ്ജു. വി. നായർ സമർപ്പിച്ച അപേക്ഷ, ടിയാളുടെ മാതൃവകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം സഹിതം ശിപാർശ ചെയ്തുകൊണ്ട്, കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി പരാമർശം (2) പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, അന്യത്രേസവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ കമ്മീഷനിലെ സബ് ഇൻസ്പെക്ടർ തസ്തികയിലുള്ള ശ്രീമതി. മഞ്ജു. വി. നായർ (PEN-799119) -ന്റെ അന്യത്രസേവന കാലാവധി 12/09/2026 മുതൽ ഒരു വർഷത്തേക്കുകൂടി (തുടർച്ചയായ രണ്ടാം വർഷം) ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ M S
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം (കത്ത് നം. E1-92662/2026/PHQ, തീയതി 16/07/2026 പ്രകാരം) (ഇ മെയിൽ- phq.pol@kerala.gov.in)

സിറ്റി പോലീസ് കാര്യാലയം, തിരുവനന്തപുരം (ഇ മെയിൽ- cptvm.pol@kerala.gov.in)

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം.

ശ്രീമതി. മഞ്ജു. വി. നായർ, സബ് ഇൻസ്പെക്ടർ (on deputation), കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Digitally signed by
Aravind R S
Date: 21-08-2026
16:20:00
സെക്ഷൻ ഓഫീസർ